# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2429** **18.02.2016 - ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണം.**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. ശിവദാസൻ നായർ | | **പി.ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്തെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിലേക്കായി കേരള ഡാം സുരക്ഷ അതോറിറ്റി (Kerala Dam Safety Authority) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാതിർത്തിക്കുള്ളിൽ (മുല്ലപ്പെരിയാർ ഡാം ഒഴികെ) സ്ഥിതി ചെയ്യുന്ന അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുക, പരിശോധനകൾ നടത്തുക, സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അണക്കെട്ടുകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ നിർ ദ്ദേശങ്ങൾ നൽകുക എന്നീ ചുമതലകൾ ഡാം സുരക്ഷ അതോറിറ്റി നിർവ്വഹിച്ചു വരുന്നു. ജലസേചന വകുപ്പിന്റെ അണക്കെട്ടുകളുടെ സംരക്ഷണത്തിനായി എല്ലാ വർഷവും ഡാം സേഫ്റ്റി ഓർഗനൈസേഷനും പരിശോധനകൾ നടത്താറുണ്ട്. ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിൽ |

അണക്കെട്ടുകളിലെ അറ്റകുറ്റപണികൾ നടത്തുന്നതിനാവശ്യമായ നിർ ദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 16 അണക്കെട്ടുകളുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ "ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ് മെന്റ് പ്രോജക്ട്" (DRIP) എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

| | | |
|---|---|---|
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളുടെ നവീകരണവും പുനരുദ്ധാരണവും നടത്തുക, സുരക്ഷ ഉറപ്പാക്കുക, അറ്റകുറ്റപണികൾ നടത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് മേൽ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) ആയത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ജലസേചന വകുപ്പിലെ അണക്കെട്ടുകളുടെ സംരക്ഷണവും സുരക്ഷയും മുൻനിർത്തി "ഡ്രിപ്പ്" പദ്ധതി നടപ്പാക്കുന്നതിലേക്കായി 360 (മുന്നൂറ്റി അറുപത് കോടി രൂപ മാത്രം) കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി അവലോകനം ചെയ്യുന്നതിനു പുരോഗതി ഉറപ്പാക്കുന്നതിനും ഐ.ഡി.ആർ.ബി വിഭാഗത്തിൽ പ്രത്യേക പദ്ധതി നിർവ്വഹണ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. "ഡ്രിപ്പ്"പദ്ധതിയുടെ പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തുകയും, പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർ ദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**